**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1812** **31-08-2022 - ൽ മറുപടിയ്ക്ക്**

**യാത്രാക്ലേശം ഒഴിവാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ . ഷംസുദ്ദീൻ,<br>ശ്രീ.പി. കെ. ബഷീർ ,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ** | | **ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | കെ.എസ്.ആർ.ടി.സി. ഡീസൽ വാങ്ങിയ ഇനത്തിൽ നൽകേണ്ട തുകയിൽ കുടിശിക വരുത്തിയതിനാൽ എണ്ണ കമ്പനികൾ ഡീസൽ വിതരണം നിർത്തിയതിനെ തുടർന്ന് സർവീസ് വെട്ടിക്കുറയ്ക്കേണ്ടി വന്നിട്ടുണ്ടോ; | (എ) | **ഉണ്ട്.** |
| (ബി) | മുന്നറിയിപ്പില്ലാതെ ഓർഡിനറി ബസ് സർവീസ് കുറച്ചതിനാൽ യാത്രക്കാർക്ക് ഏറെ ബുദ്ധിമുട്ട് നേരിടേണ്ടിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിശോധിച്ചിട്ടുണ്ടോ; | (ബി) | ഡീസൽ ക്ഷാമത്താൽ ഓർഡിനറി ബസ്സുകൾ ഓപ്പറേറ്റ് ചെയ്യുന്നത് കുറയ്ക്കേണ്ടി വന്നതിനാൽ യാത്രക്കാർക്ക് ബുദ്ധിമുട്ട് വന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. എന്നാൽ മുന്നറിയിപ്പില്ലാതെ ഓർഡിനറി ബസ് സർവീസ് ഡീസലിന്റെ അഭാവം കാരണം വെട്ടികുറച്ചിട്ടില്ല.<br><br>കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നു പോകുന്ന കെ.എസ്.ആർ.ടി.സി.യിൽ ഡീസൽ ചെലവിന് തുക സമാഹരിക്കുവാൻ കഴിയാത്തതിനാൽ അവധി ദിവസങ്ങളിൽ ഉൾപ്പെടെ വരുമാനം ഇല്ലാത്തതും യാത്രക്കാർ കുറഞ്ഞതുമായ സർവ്വീസുകളുടെ ട്രിപ്പുകളും സർവ്വീസുകളും ഭാഗികമായി ക്രമീകരിക്കുന്ന തിന് മുൻകൂട്ടി നിർദ്ദേശം നൽകി നടപടികൾ സ്വീകരിക്കുകയും ടി വിവരം യഥാസമയം പത്രദൃശ്യ മാധ്യമങ്ങളിലും നവമാധ്യമങ്ങളിലും പ്രചരിപ്പിച്ചിരുന്നതുമാണ്.<br><br>കെ.എസ്.ആർ.ടി.സി.യുടെ കടുത്ത സാമ്പത്തിക ബുദ്ധിമുട്ടിന്റെ ഭാഗമായി ഡീസ ലിന്റെ ലഭ്യത കുറഞ്ഞിരിക്കുന്ന സാഹചര്യത്തിൽ വരുമാനമില്ലാത്ത സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നത് ഒഴിവാക്കേണ്ടതായി വന്നിട്ടുണ്ട്.<br><br>ഈ സാഹചര്യത്തിലും ദീർഘദൂര സർവ്വീസു കൾ, പ്രധാന സർവ്വീസുകൾ, ഒറ്റപ്പെട്ട സർവ്വീസുകൾ എന്നിവയും റിസർവേഷൻ നൽകിയിട്ടുള്ള അന്തർ |

| | | | |
|---|---|---|---|
| | | | സംസ്ഥാന സർവ്വീസു കളും പരമാവധി ഓപ്പറേറ്റ് ചെയ്യുന്ന രീതിയിൽ ക്രമീകരിച്ചിട്ടുണ്ട്. പ്രാധാന്യമേറിയതും കെ.എസ്.ആർ.ടി.സി.യ്ക്ക് വരുമാനം ലഭിക്കുന്ന തുമായ മിക്കവാറും എല്ലാ സർവ്വീസുകളും ഓപ്പറേറ്റ് ചെയ്തിട്ടുണ്ട്. ഒഴിവാക്കാനാകാത്ത ഏതെങ്കിലും കാരണത്താൽ സർവ്വീസുകൾ റദ്ദ് ചെയ്യേണ്ടി വരുന്ന സാഹചര്യത്തിൽ മറ്റ് സർവ്വീസുകളുമായി ക്ലബ് ചെയ്ത് യാത്രക്കാർക്ക് ബുദ്ധിമുട്ടില്ലാത്ത രീതിയിൽ ക്രമീകരിക്കുന്നതി നും നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ കുടിശ്ശിക ഡീസൽ തുക നൽകുവാൻ കഴിയാ ത്തതിനാൽ ലോക്കൽ പമ്പുകൾ വിതരണം നിർത്തിയതിനാലും ഐ.ഒ.സി.യിൽ നിന്നും ഡീസൽ ലഭിക്കുന്നതിന് തടസ്സം വന്നതിനാലും ചില ദിവസങ്ങളിൽ അപൂർവ്വമായി സർവ്വീസുകൾ കൂടുതലായി ക്യാൻസൽ ചെയ്തിട്ടുണ്ട്. |
| (സി) | യാത്രാക്ലേശം ഒഴിവാക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ? | (സി) | ഡീസൽ ക്ഷാമത്താൽ ഓർഡിനറി ബസ്സുകൾ ഓപ്പറേറ്റ് ചെയ്യുന്നത് കുറയ്ക്കേണ്ടി വന്നതിനാൽ യാത്രക്കാർക്ക് ബുദ്ധിമുട്ട് വന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. എന്നാൽ മുന്നറിയിപ്പില്ലാതെ ഓർഡിനറി ബസ് സർവീസ് ഡീസലിന്റെ അഭാവം കാരണം വെട്ടികുറച്ചിട്ടില്ല.<br><br>കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നു പോകുന്ന കെ.എസ്.ആർ.ടി.സി.യിൽ ഡീസൽ ചെലവിന് തുക സമാഹരിക്കുവാൻ കഴിയാത്തതിനാൽ അവധി ദിവസങ്ങളിൽ ഉൾപ്പെടെ വരുമാനം ഇല്ലാത്തതും യാത്രക്കാർ കുറഞ്ഞതുമായ സർവ്വീസുകളുടെ ട്രിപ്പുകളും സർവ്വീസുകളും ഭാഗികമായി ക്രമീകരിക്കുന്ന തിന് മുൻകൂട്ടി നിർദ്ദേശം നൽകി നടപടികൾ സ്വീകരിക്കുകയും ടി വിവരം യഥാസമയം പത്രദൃശ്യ മാധ്യമങ്ങളിലും നവമാധ്യമങ്ങളിലും പ്രചരിപ്പിച്ചിരുന്നതുമാണ്.<br><br>കെ.എസ്.ആർ.ടി.സി.യുടെ കടുത്ത സാമ്പത്തിക ബുദ്ധിമുട്ടിന്റെ ഭാഗമായി ഡീസ ലിന്റെ ലഭ്യത കുറഞ്ഞിരിക്കുന്ന സാഹചര്യത്തിൽ വരുമാനമില്ലാത്ത സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നത് ഒഴിവാക്കേണ്ടതായി വന്നിട്ടുണ്ട്.<br><br>ഈ സാഹചര്യത്തിലും ദീർഘദൂര സർവ്വീസു കൾ, പ്രധാന സർവ്വീസുകൾ, ഒറ്റപ്പെട്ട സർവ്വീസുകൾ എന്നിവയും റിസർവേഷൻ നൽകിയിട്ടുള്ള അന്തർ സംസ്ഥാന സർവ്വീസു കളും പരമാവധി ഓപ്പറേറ്റ് ചെയ്യുന്ന രീതിയിൽ ക്രമീകരിച്ചിട്ടുണ്ട്. പ്രാധാന്യമേറിയതും കെ.എസ്.ആർ.ടി.സി.യ്ക്ക് |

| | | | |
|---|---|---|---|
| | | | വരുമാനം ലഭിക്കുന്ന തുമായ മിക്കവാറും എല്ലാ സർവ്വീസുകളും ഓപ്പറേറ്റ് ചെയ്തിട്ടുണ്ട്. ഒഴിവാക്കാനാകാത്ത ഏതെങ്കിലും കാരണത്താൽ സർവ്വീസുകൾ റദ്ദ് ചെയ്യേണ്ടി വരുന്ന സാഹചര്യത്തിൽ മറ്റ് സർവ്വീസുകളുമായി ക്ലബ് ചെയ്ത് യാത്രക്കാർക്ക് ബുദ്ധിമുട്ടില്ലാത്ത രീതിയിൽ ക്രമീകരിക്കുന്നതി നും നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ കുടിശ്ശിക ഡീസൽ തുക നൽകുവാൻ കഴിയാ ത്തതിനാൽ ലോക്കൽ പമ്പുകൾ വിതരണം നിർത്തിയതിനാലും ഐ.ഒ.സി.യിൽ നിന്നും ഡീസൽ ലഭിക്കുന്നതിന് തടസ്സം വന്നതിനാലും ചില ദിവസങ്ങളിൽ അപൂർവ്വമായി സർവ്വീസുകൾ കൂടുതലായി ക്യാൻസൽ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ